DIGITAL MAGAZIN

# BYTE

Little Kites Unit

MIHSS PONNANI

# EDITORIAL

എഡിറ്റിങ് ഇൻ ചീഫ് : ഷംസു.പി.പി

സ്റ്റാഫ് എഡിറ്റർ :രവി.സി.എസ്

എഡിറ്റർ :മുഹമ്മദ് ഷാനിഷ്

ക്രിയേറ്റീവ് ടീംസ് :ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# താളുകളിലൂടെ

വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ലോക മെമ്പാടുമുള്ളകോടാനുകോടി ജനങ്ങൾ പ്രയോജനപ്പെടുത്തി അനുസ്യൂതം പുരോഗതിയിലേക്ക്കുതിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളെ അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് വച്ച ഒരു ആശയമാണ് ലിറ്റിൽ കൈറ്റ്സ്.പിന്നോക്ക അവസ്ഥയിലുള്ളവരും ഗ്രാമീണ മേഖലയിലുള്ളവരുമായ കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യ ഇന്ന് അപ്രാപ്യമല്ലാതായിരിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികൾ ഹൈടെകായി മാറിയിരിക്കുന്നു. ഇത്തരം ക്ലാസുകളുടെ പരിപാലനവും സ്കൂൾ ഐ.ടി ലാബ് സജ്ജീകരണം പരിപാലനവും സ്കൂൾ ഐടി അധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ കുട്ടികളുടെ കൂട്ടായ്മ ഉണ്ടാക്കിയിരിക്കുന്നു. ഡിജിറ്റൽ മാഗസിൻ എന്ന ഈ പ്രഥമ സംരംഭത്തിന് പങ്കാളികളായവരും സഹായങ്ങൾ നല്കിയവരായ എല്ലാവർക്കും അഭിനന്ദനങ്ങളും ഒപ്പം ഈ സംരംഭം വൻ വിജയമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

സ്റ്റാഫ്എഡിറ്റർ

## ആശംസകൾ

ലോകത്തെ നമ്മുടെ വിരൽ തുമ്പിലേയ്ക്ക് ചുരുക്കാവുന്ന രീതിയിൽ വിവര വിനിമയ സാങ്കേതിക വിദ്യ വളർന്നിരിക്കുന്ന കമ്പ്യൂട്ടർ അനുബന്ധ മേഖലകൾ ഉപയോഗിച്ച് നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടക്കം കുറിക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

---

വിനിമയ സാങ്കേതിക വിദ്യസമൂഹത്തിൽ ആധിപത്യം സ്ഥാപിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ലിറ്റിൽകൈറ്റ്സ്അംഗങ്ങൾ തുടക്കം കുറിക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

കൈറ്റ്സ് മാസ്റ്റർ



# ഉള്ളടക്കം


1. ചരിത്രത്തിലൂടെ

2. മെഴുകുതിരി

3. ജീവജലം

4. ലഹരി വിമുക്ത കേരളം

5. My house

6. The Monkey and The Crodile

7. My School

8. I Feel Proud to Work Here

9. പരിസര സുചിത്വത്തിന്റെ പ്രാധാന്യം

10. കടംകഥ

11. പൂക്കളം



# MIHSS PONNANI

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




# ചരിത്രത്തിലൂടെ

ചരിത്രത്തിലും, ഐതിഹ്യത്തിലും പൊന്നാനിയുടെ സ്ഥാനം കുറച്ചൊന്നുമല്ല. ആഴ്വഞ്ചേരി തമ്പ്രാക്കളുടെ പൊന്നാന നടന്ന സ്ഥലമാണ് പൊന്നാനി എന്നൊരു ഐതിഹ്യ കഥയുണ്ടിവിടെ. “ഹിരണഗർഭം'' എന്ന ചടങ്ങ് കഴിഞ്ഞ് ധാനമായി കിട്ടിയ പൊന്നാനയേയും, പൊൻ പശുവിനേയും കൊണ്ട് ഇവിടത്തെ കടവത്ത് വന്നിറങ്ങിയ തമ്പ്രാക്കളോട് ചത്ത ജന്തുക്കൾക്കുള്ള അവകാശം തങ്ങൾക്കാണെന്ന് പറയനായ പാക്കനാർ വാദിച്ചു. അതീന്ദ്രിയ സിദ്ധിയിലൂടെ അവയ്ക്ക് ജീവൻ നല്കി തമ്പ്രാക്കൾ നടത്തി കൊണ്ടു പോയത്രേ. ഈ പൊന്നാന നടന്ന സ്ഥലമാണ് ഐതിഹ്യത്തിലെ പൊന്നാനി.

ഭാരതപ്പുഴയും പൂക്കൈതപ്പുഴയും അറബിക്കടലും പ്രകൃതി കനിഞ്ഞരുളി അനുഗ്രഹിച്ച ഭൂപ്രദേശം ഇടശ്ശേരിയും, ഉറൂബും, കടവനാട് കുട്ടികൃഷ്ണനും,കെ.സി.എസ് പണിക്കരും സാഹിത്യ സാംസ്കാരിക രംഗത്തെ ഒട്ടേറെ മഹാരഥന്മാർ നടന്ന് നീങ്ങിയ മണ്ണ് ചരിത്രത്തിലെ ഒരു വിസ്മയഭൂമികയാണ് പൊന്നാനി.

# <u>മെഴുകുതിരി</u>



അന്ധകാരത്തിൽ തുണയായ്
നിൻപ്രകാശ കിരണങ്ങൾ തേടി
വരുമെന്ന്
ഞാൻ പ്രതീക്ഷിച്ചിരുന്നില്ല...

നിൻ സമർപ്പണം ആത്മസമർപ്പണം
ജീവിതം ഉരുകി തീരുമ്പോഴും
നീ എനിക്കു പകർന്നു തന്ന
ആ നിമിഷങ്ങൾ
പങ്കുവെച്ച നിൻ ഹൃദയം ....!


മനസ്സിൻെറ ഏതോ
അകതളത്തിൽ
സ്മരണകൾ ചേക്കേറുമ്പോഴും
കാലത്തിൻേറ വികൃതിയിൽ
എൻ മതം മന്ത്രിക്കുന്നു
നീ പുനർജനിച്ചെങ്കിൽ

*Muhammed shanish*

# ജീവജലം

തിരിയുന്ന ഭൂമിതൻ തേങ്ങലുകൾ
നദിയൊഴുക്കിൻെറ മൂകതയിൽ
സന്ധ്യാദീപത്തിൻ സാന്തനമാം
ഭൂവിൻെറ മാനസം പുളകുന്നു
മരുഭൂമിയിൽ മരുപ്പച്ച തേടുന്ന

മഒട്ടകക്കൂട്ടത്തിൽ മിഴിനീർ ചാലിച്ച വദനം
ഭൂവിൻെറ കരളിലെ കാതലായുദിച്ച
വിണ്ണിലെ കണ്ണീര് നിശ്ചലമാവുന്നു
സാഗരഭിത്തിതൻ വിരഹാർദ്രമൗനം
പ്രകൃതിയിലലയടിക്കുന്ന തിരകളായ്
കാലൊച്ച കേൾക്കുന്നു  അകലെയായ് ഭൂവിൻെറ



അവസാന ഈണമായ് തുടിക്കുന്ന നെഞ്ചകം
ജീവനാധാരമാണെങ്കിലും ജലം
നിത്യമീ ശാന്തിക്ക് നാശം; നിരാശരായ്
കോർക്കുവിൻ പൈതങ്ങളെ കരങ്ങൾ
കാത്തിടാം കാടിൻെറ മാനസങ്ങൾ

# ലഹരിവിമുക്ത കേരളം

പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഒരു സഹായി എന്ന നിലയ്ക്ക് ലഹരിയെ നോക്കി ക്കാണുന്നവർ നമുക്കിടയിലുണ്ട്. കാരണം ബിസിനസ്സിലോ,മററ് വലിയ കോടികളുടെ കച്ചവടങ്ങളിലോ നിലയുറപ്പിച്ച പുതുസമൂഹം,അതിലെന്തെ ങ്കിലും ഒരു പാളിച്ച വന്നാൽ ആ ടെൻഷൻ അകററുന്ന തിനുള്ള ഒരു മാർഗ മായി ലഹരിയെ കരുതിയ എത്രയോആളുകളുണ്ട്. ഈ കാലത്ത് എന്തെ ങ്കിലുമൊരു വിശേഷപരിപാടി ഉണ്ടായാൽ അവിടെയെല്ലാം ലഹരിയുടെ ഒരു കാൽവെപ്പ് കാണാം എന്നാൽ  ഇതിൻെറ മറുവശത്ത് ലഹരി മൂലം തകർ ന്നു പോകു ന്ന എത്രയോ കുടുംബ ങ്ങളും എത്രയോ പേരുടെ വലിയ സ്വപ്നങ്ങളുമുണ്ട്.ആ കുടുംബങ്ങളുടെ കണ്ണീരു തുടക്കാൻ ആരുണ്ട്. പണ്ടൊക്കെ ലഹരി എന്നു കേൾ ക്കുന്നതു അപൂർവമായിരുന്നു. അന്നത്തെ കുടുംബത്തിനു നല്ല കെട്ടുറപ്പായിരുന്നു. ആ കാലത്തുള്ള ആളുകൾക്ക് അസുഖവും കുറവാണ്. കാരണം അവർ ഭക്ഷിക്കുന്ന വയെല്ലാം അവർ തന്നെ നട്ടുവളർത്തുന്നതായിരുന്നു.

ഇന്നാണെങ്കിൽ എല്ലാവരും ഫാസ്റ്റ്  ഫുഡിനു പിന്നാലെയാണ്. ഹോട്ടലിൽ നിന്നും മററും കഴിക്കുന്ന ഭക്ഷണപദാർത്ഥത്തിൽ എത്രയോ ശരീരത്തിന്  ദോഷം ചെയ്യുന്ന പല വസ്തുക്കളും ചേർക്കുന്നുണ്ട്.

നാം കഴിക്കുന്ന ശീതളപാനീയങ്ങളിൽ 16%മാണ് ആൽക്കഹോളിൻെറ അളവ് എന്ന് ഖത്തറിലെ ആരോഗ്യകേന്ദ്രം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ലഹരിയുടെ പിന്നിൽ അടിയുറച്ചിരിക്കുന്ന പുതുസമൂഹത്തിനോട് പറയാനുള്ളത്. ലഹരി എന്നത് ഒരു ആസ്വാദനവസ്തുവോ ഒരു ടെൻഷൻ കളയുന്ന വസ്തുവോ അല്ല.മറിച്ച് അത് നമ്മുടെ മരണത്തെ വിളിച്ചു വരുത്തുന്ന ഒരു സഹായിയാണ്. എത്ര കുടുംബങ്ങളാണ് അതു മൂലം തകർന്നിട്ടുള്ളത് .എത്രയെത്ര സ്ത്രീകളാണ് അതുമൂലം പിഢനങ്ങൾ അനുഭവിച്ചിരിക്കുന്നത്. അതു കൊണ്ട് കുറേ നാശങ്ങളല്ലാതെ ഒരു ലാഭവും ഉണ്ടാവുന്നില്ല.

1. അതു കുടിച്ചാൽ അല്ലെങ്കിൽ വലിച്ചാൽ പണം കുറേ നഷ്ടമാവും

**2.**ആരോഗ്യം നശിക്കും

**3.**നാട്ടുക്കാർ വെറുക്കും

**4.**വീട്ടുക്കാർ വെറുക്കും

**5.**കുടിയൻെറ ഭാര്യ, കുടിയൻെറ മക്കൾ എന്ന ചീത്തപ്പേര് ലഭിക്കും.

തുടങ്ങിയ ഒട്ടേറേ നാശനഷ്ടങ്ങൾ മാത്രം ബാക്കി.

അതുകൊണ്ട് വരുംതലമുറ ലഹരി വിമുക്തമാക്കാൻ നാം ആ ശീലം ഉപേക്ഷിണം. എന്നിട്ട് അതിനെതിരെ പ്രയത്നിക്കണം. എന്നാൽ നമുക്ക് ആരോഗ്യമുള്ളൊരുനാളയെ വാർത്തെടുക്കാം.

Abdul Jaleel

# MY HOUSE



**My house is Blue-little house**

**A happy child am I**

**I laugh and play the whole day long,**

**I hardly ever cry I have a tree,a green tree**

**To shade me from the sunday**

**And under it I often sit**

**When all my play is done MY HOUSE**

**Muhammed shahin**

# THE MONKEY AND THE CROCODILE

**There was a tree on which many monkeys lived. In the nearby pond,a pair of crocodiles lived. One day, the female crocodile fell ill. The doctor saidthat only the heart of a monkey could cure the crocodile.**

**The crocodile offered each of the monkeys to accompany him for a joy ride in the pond. None of themagre ed. Lastly, an old monkey agreed. The monkey enjoyed the ride.**

**When they were in deep waters,the crocodile told him his purpose. He said that he wanted the monkey's heart. The monkey said, "Please take me back. I have left my heart on the top of my tree. I can give it to you there". The crocodile took him back to the bank. The monkey went up the tree and disappeared.**

- **Moral: Presence of mind always works.**

# My school

I sit in the lap of my school
and fills me with true knowledge
it caress me with good advices
an love it too

Teachers and friends here
makes me a good boy
I know how to read and write
I know to sing and dance
opened the gate of my growth
My all round developmen


ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ
കമ്പ്യൂട്ടർ സാക്ഷരത
അമ്മമാരിലേക്ക്
എം.ഐ.എച്ച്.എസ്.എസ് പൊന്നാനി
26/09/2019

# I FEEL PROUD TO WORK HERE

**I FEEL PROUD TO WORK HERE
UNDER THE MAN OF SOOTH
NO TRACE OF DISCORDANT CAN BE SEEN
A MODEL OF BETTER TRANSACTION**

**HIS TRANQUIL RESPONSIBILITY
SHAPED THE BOWL OF KNOWLEDGE
BEING VORACIOUS FOR ITS SUCCESS
MADE A VOLANT STEP**

**VOX OF HIS WORDS
COULD KEEP A REIN ON OUR SCHOOL
THE FRAGRANCE OF LAUREL SPREAD
SATISFIED THE DREAM OF M.I.A**

**SHEER COMMITMENT CAN OPEN
THE DOOR OF HEAVEN
HIS ADMINISTRATION WILL BE SEMPERVIRENT
TILL THE WORLD END**

**I SHOWER MY GRATITUDE
FOR GIVING ME A CHANCE
TO FEEL SO PROUD**

# പരിസര ശുചിത്വത്തിന്റെ പ്രാധാന്യം

പരിസര ശുചിത്വം എന്നത് നമ്മുടെ കടമയാണ്.

ആ കടമ നിറവേറ്റാൻ നമുക്ക്ഏറെ പ്രാധാന്യമുണ്ട്. എങ്കിലും നമ്മൾ അല്ലെങ്കിൽ ചിലർ പ്രാധാന്യമൊന്നുമറിയാതെപരിസരശുചിത്യമെന്ന കർത്തവ്യം പാലിക്കുന്നില്ല. നാം തന്നെ പരിസരമലിനീകരണംഉണ്ടാക്കുന്നു. മറ്റുള്ളവരാകട്ടെമറ്റുള്ളവരുടെ പ്രേരണക്ക് വഴങ്ങി ശുചിത്വം പാലിക്കുന്നു. ചിലർ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാനും ഇങ്ങനെ ചെയ്യുന്നു. ആരും മനസ്സറിഞ്ഞ്പരിസര ശുചിത്വം നടത്തിയില്ല എന്നതും ഒരുമുഖ്യഘടനയാണ്. എവിടെയാണോ പരിസര ശുചിത്വം നടക്കുന്നത് ഒരു രാവിനും പകലിനും ശേഷം അവിടെ വീണ്ടും മാലിന്യക്കൂമ്പാരം കാണാംആരെ കാണിക്കാനാണ് ഈ ദുരാചാരം. ഇതിന്റെ നന്മ വല്ലതും കിട്ടുന്നുണ്ടെങ്കിൽ ശരി വെക്കാം, അല്ലെങ്കിൽ ഇതിനെ പാടേ തള്ളിക്കളയാം. കളയണം. കളയാതെ വന്നെങ്കിൽ നമുക്ക് തന്നെ അതിന്റെ വിപത്ത്. നമ്മുടെ തലമുറകൾ നാശത്തിൽ കലാശിക്കുന്നത് കാണാം.

നമ്മുടെ ചുറ്റുപാടുകളിൽ നാം കണ്ടു വരുന്ന ഒന്നാണ് "പരിസര ശുചിത്വ ബോധവൽക്കരണം " ഇതിലൂടെ നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാം. ഈ ബോധവൽക്കരണത്തിൽ തെറ്റും ശരിയുമുണ്ട്, ഗുണവും ദോഷവുമുണ്ട്.'

പരിസര ശുചീകരത്തിന് ധാരാളം പ്രാധാന്യങ്ങൾ ഉണ്ട്. പരിസര ശുചിത്വത്തിലൂടെ പുതിയ നവ കേരളം നമുക്ക് സൃഷ്ടിക്കാം. പരിസര ശുചിത്യം കൊണ്ട് എത്രയെത്ര മാരക രോഗങ്ങൾ നമുക്ക് ഇല്ലാതാക്കാം. പരിസരം പ്ലാസ്റ്റിക്ക് മുതലായവ കൊണ്ട് നാം മലിനീകരണപ്പെടുമ്പോൾ അറിയുന്നില്ല ഇതിന്റെ വിപത്ത് എത്രയായിരിക്കുമെന്ന് ..... പ്ലസ്റ്റിക്ക് തുടങ്ങിയ മാലിന്യങ്ങൾ മണ്ണോടലിഞ്ഞ് കഴിയാൻ എത്രയോ വർഷമെടുക്കും വർഷങ്ങൾക്ക ശേഷം ജീർണ്ണിക്കുന്ന ഈ പ്ലാസ്റ്റിക്ക് മാലിന്യം ഭൂമിയിലേക്ക് വലിച്ചെറിയുമ്പേൾ, ഇതിനേക്കാളും ഭയാനകമായ വിപത്ത് നാം അനുഭവിക്കേണ്ടി വരും എന്ന് മനസ്സിലാക്കുക.

# കടംകഥ

വെള്ളപ്പട്ടു വിരിച്ചൊരു വഴിയേ
വെള്ളാരം  വഴിയേ
കള്ളക്കുട്ടൻ കുഞ്ഞികുട്ടൻ
തുള്ളിച്ചാടി പോയ്
കള്ളൻ കാലു ചവിട്ടുന്നിടമൊരു
പുള്ളിക്കുത്തായി
പുള്ളിക്കുത്തു നിരന്നതു കാണാൻ
ഉള്ളിൽ കൊതിയായി
പുള്ളിക്കുയിലുകൾ വന്നാക്കുന്നിൽ
തുള്ളിയിരിപ്പായി
കള്ളിപ്പെണ്ണേ ചൊല്ലാമോയീ
വെള്ളപ്പട്ടേത്?
ഉള്ളുത്തറന്നൊന്നാലോചിക്കു
കള്ളനിതാരാണ്
വെള്ളിത്തുട്ടു തരാം ഞാൻ ചൊല്ലൂ
പുള്ളിക്കുയിലേത് ?

dreamstime

**ഉത്തരം :കടലാസിൽ പേന കൊണ്ടെഴുതുന്നത്**

**വെള്ളപട്ട് -  കടലാസ്**

**കള്ളക്കുട്ടൻ - പേന**

**പുള്ളിക്കുയിൽ - കണ്ണ്**

# പൂക്കളം

അത്തം പത്തിനു  പൊന്നോണം
പൂക്കളമൊന്നു ഒരുക്കേണം
വീട്ടുകൾ തോറും ഓണത്തപ്പനും
വരവേൽപ്പങ്ങനെ നൽകേണം
മുറ്റമൊരുക്കിത്തറ മെഴുകി
നടുവിൽ തുളസിക്കതിർ ചാർത്തി
പുലരിയുണർന്നും  പൂക്കളിടുക്കാൻ
കുട്ടികളെല്ലാം വരവായി

തുമ്പപ്പൂ, മുക്കുതിപ്പൂ

മന്ദാരപ്പൂ, തെച്ചിപ്പൂ
കോളാമ്പിപ്പൂ കൊങ്ങിണിയങ്ങനെ
പൂക്കൾ പലതരമായ്

**ലിറ്റിൽ കൈറ്റ്സ്**
**അംഗങ്ങളുടെ**
**നേതൃത്വത്തിൽ**
**തയ്യാറാക്കിയ ബൈറ്റ്**
**(ഡിജിറ്റൽ മാഗസിൽ)ന്**
**സഹായസഹകരണങ്ങൾ**
**നൽകിയ എല്ലാ**
**അദ്ധ്യാപകർക്കും**
**വിദ്യാർത്ഥികൾക്കും .**

**നന്ദി....**